ശ്രീ. കെ. സി. ജോർജ്ജ് : ആദ്യം കമ്മീഷനെ നിയമിച്ച അവസരത്തിൽതന്നെ ഈ കാല വധി നീട്ടിയോ അതോ, കാലാവധി കഴിഞ്ഞതിനുശേഷം വീണ്ടും അതു നീട്ടിയോ എന്നറിഞ്ഞാൽകൊള്ളാം?

ശ്രീ. കെ. ഒ. വേലായുധൻ : കാലാവധി കഴിയുന്നതിനു മുമ്പുതന്നെ കമ്മിഷൻ ആവശ്യപ്പെട്ടതനുസരിച്ച് ഒരു കൊല്ലത്തേയ്ക്ക് നീട്ടുകയാണുണ്ടായത്.

തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ആവശ്യങ്ങൾ.

* 56. [5] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമാണ് സംഘടനയിൽനിന്നും ഉന്നയിച്ചിരുന്നത്;

(ബി) സംഘത്തിന് ഒരു കെട്ടിടവും, കൂടുതൽ ഗ്രാൻറും നൽകുക, വായനശാലകൾക്ക് കെട്ടിടഗ്രാൻറും ലൈബ്രേറിയന് അലവൻസും നൽകുക, ഗ്രന്ഥശാലാ പ്രവർത്തകന്മാർക്ക് ഗവണ്മെൻറ് സർവീസിൽ മുൻഗണന നൽകുക, ഗ്രന്ഥശാലകൾക്കു കൂടുതൽ ധനസഹായം ചെയ്യുക എന്നീ ആവശ്യങ്ങളും ഗവണ്മെൻറിൽനിന്നും ഉടനടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ-യും ബി-യും) 1955 ഡിസംബർ നാലാംതീയതി ഗ്രന്ഥശാലാസംഘത്തിന്റെ ജനറൽകൗൺസിൽ, സംഘത്തിന്റെ ആവശ്യങ്ങളെ സംബന്ധിക്കുന്ന ചില പ്രമേയങ്ങൾ പാസാക്കിയതായും അതനുസരിച്ചു ഗവണ്മെൻറിനു സമർപ്പിക്കുവാൻ ഒരു മെമ്മോറാണ്ടം തയാറാക്കിവരുന്നതായും അറിയുന്നു.

മെമ്മോറാണ്ടം കിട്ടിയതിനുശേഷം അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെപ്പറ്റി ഗവണ്മെൻറ് പര്യാലോചിക്കുന്നതാണ്.

ശ്രീ. സി. എ. മാത്യു : ഇപ്പോൾ സംഘത്തിന്റെ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടം അതിനു പര്യാപ്തമല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

വിദ്യുച്ഛക്തിവിതരണം.

* 57. [6] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷത്തിൽ സ്റ്റേറിലെ ഏതെങ്കിലും വില്ലേജുകളിൽ പുതുതായി വിദ്യുച്ഛക്തിവിതരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) നെടുമങ്ങാട് താലൂക്കിൽ ആര്യനാട് വില്ലേജിലേയ്ക്ക് വിഭജിച്ചു വിതരണം നൽകുന്നതിനെപ്പറ്റി പ്രദേശവാസികളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു;

(ഇ) 1956-57 വർഷത്തിൽ പ്രസ്തുത വില്ലേജിലേയ്ക്ക് വിഭജിച്ചു വിതരണം ചെയ്യുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഗോ. വേലായുധൻ):

(എ) ഉണ്ട്.

(ബി) വിഭജിച്ചു വിതരണം നടത്തിയ വില്ലേജുകളുടെ ഒരു ലിസ്റ്റ് † ഇതോടൊപ്പം വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ വർഷത്തിൽ ജോലി തുടങ്ങുന്നതിനു എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ട്.

(ഇ) ഉവ്വ്.

Corruption.

❋ 58. [7] ‡ SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(a) the number of cases of corruption detected by the anti-corruption department during 1954-55 and 1955-56 and the number that are being investigated;

(b) who were the officers found guilty; and

(c) what action was taken against them?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) the number of cases of corruption detected by the anti-corruption department during 1954-55, *ie.*, last year is 293; those detected by the department during 1955-56 is 720.

Investigation in respect of 760 cases has been completed. The remaining cases are under different stages of investigation.

(b) and (c) A statement†† is laid on the table

Extension of Railway.

❋ 59. [8] SHRI PRAKKULAM BHASI: Will the Minister for Works be pleased to state:

(a) whether this Government have made any representation to the Central Ministry for Railways regarding the

† Plase see Appendix. I

‡ As the member was absent, the question was put by Shri A. A. D. Luis with the permission of the Chair.

†† Please see appendix II.

LIBRARY ARCHIVES Kerala Legislative Assembly